പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1640 — 13.06.2014- ൽ മറുപടിക്ക്

മിഷൻ 676

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.പി.എ. മാധവൻ<br>ശ്രീ. സണ്ണി ജോസഫ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും<br>സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭിന്ന ശേഷിയുള്ളവർ ഉൾപ്പെടെയുള്ളവരുടെ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി മിഷൻ 676-ൽ പദ്ധതികൾ പ്രഖ്യാപി ച്ചിട്ടുണ്ടോ; | (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം ഭിന്നശേഷി ഉൾപ്പെടെയുള്ളവരുടെ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി 13 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ പ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മിഷൻ 676 പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ആയതിന്റെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പദ്ധതിയുടെ പേര് | വിശദാംശം |
|---|---|---|
| 1 | നിർഭയ പദ്ധതി | സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷയും അക്രമത്തിന് ഇരകളായവർക്ക് കൗൺസിലിംഗും പുനരധിവാസവും ഉറപ്പാക്കുക എന്നതാണ് നിർഭയ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| 2 | ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിട നിർമ്മാണം. | കെട്ടിട നിർമ്മാണത്തിന്റെ അവസാനഘട്ടം പുരോഗമിക്കുന്നു. |
| 3 | സാമൂഹ്യ പുനരധിവാസകേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും. | എല്ലാ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളെ പരിചരിക്കുന്നതിനായി സഹായികളെയും വിദഗ്ദ്ധ ജീവനക്കാരെയും നൽകുന്ന പദ്ധതി. |

| | | | | | |
|---|---|---|---|---|---|
| | | | 4 | സർക്കാർ സാമൂഹ്യ സംഘടന കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും | സർക്കാരും പൊതു സമൂഹവും തമ്മിലുള്ള കുറ്റമറ്റ സംയോജനത്തിനും സ്തുത്യർഹമായിട്ടുള്ള കൂട്ടുകെട്ടിനും രൂപം നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| | | | 5 | അട്ടപ്പാടി പട്ടിക വർഗ്ഗ കുടുംബങ്ങളിൽ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും | അട്ടപ്പാടി ICDS പ്രോജക്ടിലെ അംഗൻവാടികൾ വഴിയും Tribal Adolescent girls Club വഴിയും അട്ടപ്പാടി പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി ആരംഭിക്കുന്ന പദ്ധതി. |
| | | | 6 | ഹീമോഫീലിയ രോഗികൾക്ക് മാസത്തിൽ 1000 രൂപ വീതം പെൻഷൻ | പദ്ധതി നടത്തിപ്പിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| | | | 7 | കേൾവി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission(OAE) സ്ഥാപിക്കും. | Oto Acoustic Emission ഉപകരണം വാങ്ങി 40 സർക്കാർ ആശുപത്രികളിൽ നൽകി കഴിഞ്ഞു. |
| | | | 8 | കിഡ്നി/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവർക്ക് 1000/- രൂപ വീതം പെൻഷൻ | 01.01.2014 ലെ സ.ഉ.(എം.എസ്) 1/14/സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| | | | 9 | ആശ്വാസകിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധന സഹായങ്ങളും RTGS-Core banking മുഖേനയും നൽകും. | നടപടി സ്വീകരിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | | 10 | NISH നെ National University for Disabilities and Rehabilitation ആയി ഉയർത്തും. | നടപടി സ്വീകരിച്ച വരുന്നു. |
| | | 11 | Gender Awareness Programme ന് കീഴിലുള്ള സേവന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തും. | വനിതകളോടുള്ള അക്രമങ്ങൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ ചെറുപ്പക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് എങ്ങനെ ഇവയെ പ്രതിരോധിക്കാം എന്നത് സംബന്ധിച്ചും പരിഹാര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നതിനോടൊപ്പം കുടുംബങ്ങളിലും സമൂഹത്തിലും ഈ പ്രവണതകൾക്കെതിരെ ചിന്ത ഉണർത്തുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി. |
| | | 12 | എറണാകുളത്ത് She Taxi സംവിധാനം ഏർപ്പെടുത്തും | എറണാകുളത്ത് She Taxi സംവിധാനം ഏർപ്പെടുത്തി വനിതകൾക്ക് സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനോടൊപ്പം സ്വയം തൊഴിൽ സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയിൽ ഊന്നൽ നൽകി കൊണ്ട് Gender Park പദ്ധതിയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്തിട്ടുള്ള പദ്ധതി. |

| | | | | |
|---|---|---|---|---|
| | | 13 | തിരുവനന്തപുരത്ത് പരീക്ഷണ അടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർ വുമൺ (She Shop) നടപ്പിലാക്കും. | വഴിയോര കച്ചവടത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വനിതാ സംരംഭകരെ വാർത്തെടുക്കുന്നതിനും ഒപ്പം സാധാരണക്കാർക്ക് അനാരോഗ്യകരമായ പദാർത്ഥങ്ങൾ ഒഴിവാക്കി ആഹാര പാനീയങ്ങൾ നൽകുന്നതിനായി രൂപം നൽകിയിട്ടുള്ള പദ്ധതി. |
| ...സംബന്ധിച്ചുള്ള ...ാക്കാൻ നടപടികൾ | (സി) | പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കി കഴിഞ്ഞു. | | |
| സമയ... നടപ്പാക്കാൻ ...ൽ എന്തെല്ലാം ...ത്തിട്ടുണ്ട്? | (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പദ്ധതികളുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. | | |

സെക്ഷൻ ഓഫീസർ